കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

*വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്*

*ഓഡിറ്റ് റിപ്പോർട്ട്*

*2016-17സാമ്പത്തിക വർഷം*

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി 12-1344/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട് .

തീയതി : 19.09.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെള്ളിനേഴി ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി 12-1344/2017 തീയതി :19.09.2017.

പാലക്കാട് ജില്ലയിലെ വെള്ളിനേഴി .ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2016 -17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 9-12-2016 മുതൽ 16-6-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-6-2017മുതൽ 23-6-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിജു ആന്റെണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എം.എസ്. താരിഖ് | ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ശ്രീധരൻ | 1-4-2016മുതൽ 31-3-2017വരെ |
| സെക്രട്ടറി | ശ്രീ. എ.ഉണ്ണികൃഷ്ണൻ | 1-4-2016മുതൽ 26-8-2016 വരെ |
| | ശ്രീ. സി,കെ. ഹരിദാസൻ | 27-8-2016മുതൽ 31-3-2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി.എഞ്ചിനിയർ | കെ.പി.ബാലകൃഷ്ണൻ | 1-4-2016മുതൽ<br>3-12-2016വരെ |
| | എം.കെ.റോയ് | 4-12-2016മുതൽ<br>31-3-2017വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | നിതുൻ കബീർ | 1-4-2016മുതൽ<br>12-6-2016വരെ |
| | ഡോ. പൌർണമി മോഹൻ | 13-6-2016മുതൽ<br>8-7-2016വരെ |
| | നിതുൻ കബീർ | 9-7-2016മുതൽ<br>7-8-2016വരെ |
| | ഡോ.ഷെറി എം.രാഘവൻ | 8-8-2016മുതൽ<br>31-3-2017വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | എം.എ. അസ്മാബി | 1-4-2016മുതൽ<br>31-3-2017വരെ |
| വെറ്റിനറി സർജൻ | ഡോ. മീരാ ബെൻ വക്കച്ചൻ | 1-4-2016മുതൽ<br>9-12-2016വരെ |
| | ഡോ. ഓ. കുര്യച്ചൻ | 10-12-2016മുതൽ<br>31-3-2017വരെ |
| അസി.സെക്രട്ടറി | തസ്തിക ഇല്ല | |
| കൃഷി ഓഫീസർ | കുമാരൻ | 1-4-2016മുതൽ<br>30-11--2016വരെ |
| | മോഹൻ രാജ് | 1-12-2016മുതൽ<br>31-1-2017വരെ |
| | ജീഷ്മാ ഷാജി | 1-2--2017 മുതൽ<br>31-3-2017വരെ |
| ICDS സൂപ്പർവൈസർ | ലതാകുമാരി | 1-4-2016മുതൽ<br>31-3-2017വരെ |
| വി.ഇ.ഒ | ഗോപകുമാർ | 1-4-2016മുതൽ<br>31-3-2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനീഷ് നാരായണൻ | 1-4-2016മുതൽ<br>31-3-2017വരെ |
| ഹെഡ് മാസ്റ്റർ | വി.രാമൻകുട്ടി | 1-4-2016മുതൽ<br>31-3-2017വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ ബജറ്റ് 1/3.3.2016 തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 17-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9698503 |

| | |
|---|---|
| വരവ് | 46792062 |
| ആകെ | 56490565 |
| ചെലവ് | 48836198 |
| നീക്കിയിരിപ്പ് | 7654367 |

# 1-5 ഫണ്ട് വിനിയോഗം- 2016-17

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7044279 | 7044279 | 7044279 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4042747 | 4042747 | 4042747 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7327972 | 7327972 | 7327972 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1330015 | 1330015 | 1330015 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3073900 | 3073900 | 3073900 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4691630 | 4691630 | 4691630 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 14964 | 989513 17877950 (receipt+int) | 18882427 | 994175+ 17877950 | 10302 |
| ബി.ഫണ്ട് | 0 | 570708 | 570708 | 570708 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 148 | 59600729 | 102 | 28778495 | 46 | 69 |

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2066472 | 2513223 | 446751 | 21 |
| നികുതിയേതര വരവുകൾ | 212853 | 422898 | 210045 | 98 |

| | | | | |
|---|---|---|---|---|
| ആകെ | 2279325 | 2936121 | 656796 | 29 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ മേൽ പറയും പ്രകാരം 29 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാന മെടുത്തതിൽ നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6 | 4 | 2 | ബാധകമല്ല |
| 2 | തൊഴിൽ രഹിത വേതനം | 15 | 9 | 6 | “ |
| 3 | വിധവാ പെൻഷൻ | 57 | 54 | 3 | “ |
| 4 | വികലാംഗ പെൻഷൻ | 29 | 22 | 7 | “ |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 11 | 2 | “ |
| 6 | വാർദ്ധക്യ കാല പെൻഷൻ | 433 | 399 | 34 | “ |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-06-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2051/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. സെക്ഷനുകളിൽ പേഴ്സണൽ റജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.അറ്റൻഡൻസ് റജിസ്റ്ററിൽ ചില കോളങ്ങൾ ഒപ്പുകൾ രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു.മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.എം ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-5-2017മുതൽ 27-5-2017വരെ | 1-3-2017മുതൽ 30-4-2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-11-2015മുതൽ 30-11-2015വരെ | 2010-11മുതൽ 2014-15വരെ | 15-7-2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി- സഞ്ജയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ കൃത്യമാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സഞ്ജയപ്രകാരം കളക്ഷൻ | വാർഷിക കണക്കുകൾ പ്രകാരം കളക്ഷൻ |
|---|---|
| 2552306 | 2381963 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8) മറുപടിയായി 2013-14 വർഷത്തിൽ നികുതി പരിഷ്ക്കരിച്ചതിന് ശേഷം പിന്നീട് സർക്കാർ ഉത്തരവുകൾ പ്രകാരം 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി വർധനവ് ഒഴിവാക്കിയതിനാൽ അധികം സ്വീകരിച്ച നികുതി2016-17 വർഷത്തിലേക്ക് അഡ്ജസ്റ്റ് ചെയ്തത് മൂലമാണ് ഇത്തരത്തിൽ വ്യത്യാസം വന്നിട്ടുള്ളത് എന്നും ആയത് പരിഹരിച്ച് വരുന്നുണ്ടെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ്ഫീസ്,വസ്തുനികുതി എന്നിവ ഈടാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാനത്തിന്റെ പരിധിയിൽ അനധികൃതമായിപ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടെത്തി അതിൽ നിന്നും പെർമിറ്റ്ഫീസ്, വസ്തുനികുതി എന്നിവ ഈടാക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിന് സർക്കുലർ നം. 40395/ആർ.സി2/2014/തസ്വഭവ തിയതി 19-10-2014 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.ഗ്രാമ പഞ്ചായത്ത് ഇത്തരത്തിലുള്ള

സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വാർഡ് 8,വാർഡ് 13 എന്നിവയിൽ പ്രവർത്തിക്കുന്ന രണ്ട് വീതം മൊബൈൽ ടവറുകൾ (ബി.എസ്.എൻ.എൽ, റിലയൻസ്, രണ്ട് വോഡഫോൺ) അനധികൃതമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.പ്രസ്തുത മൊബൈൽ ടവറുകൾ ഉൾപ്പെടെ ഇത്തരത്തിൽ പെർമിറ്റ് ഫീസ് ,വസ്തുനികുതി എന്നിവ അടവാക്കാതെ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് വസ്തുനികുതി എന്നിവ പൂർത്തീകരണ തീയതി മുതൽ ഈടാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകിയില്ല.

പ്രോജക്ട് നമ്പർ 88/17 (ജനറൽ)
അടങ്കൽ 200000.00

പ്രോജക്ട് നമ്പർ 89/17 (എസ്.സി. പി)
അടങ്കൽ 100000.00

ബിൽ നം3/2016-17, തിയതി- 24/2/2017- പിൻവലിച്ച തുക- 200000/-

ബിൽ നം4/2016-17, തിയതി- 24/2/2017- പിൻവലിച്ച തുക- 66000/-

2016-17 വാർഷിക പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിന് നിശ്ചിത നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ അനുബന്ധം 15ലെ 5-8(ബി) കാണുക. 2016-17ൽ ധനസഹായം നൽകിയ ഏതാനും വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കുറവായി നൽകിയതിന്റെ പട്ടിക കാണുക.

| ക്രമ നം | പേര് | വൈകല്യത്തിന്റെ തരം | ക്ലാസ് | നൽകിയ തുക | നൽകേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | സൂരജ്.പി | മാനസിക വൈകല്യം | 6 | 10000 | 12000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 2000+യാത്രാ ചെലവ്+മറ്റ് ബത്തകൾ |
| 2 | പ്രിയങ്ക.സി | മാനസിക വൈകല്യം | 5 | 10000 | 12000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 2000+യാത്രാ ചെലവ്+മറ്റ് ബത്തകൾ |
| 3 | ധന്യ | മാനസിക വൈകല്യം | 10 | 10000 | 12000+യാത്രാ ചെലവ്+മറ്റ് | 2000+യാത്രാ ചെലവ്+മറ്റ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ബത്തകൾ | ബത്തകൾ |
| 4 | അനുരാധ | മാനസിക വൈകല്യം | +1 | 10000/- | 12000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 2000+യാത്രാ ചെലവ്+മറ്റ് ബത്തകൾ |
| 5 | ലിബിൻ (sc) | മാനസിക വൈകല്യം | 5 | 10000/- | 12000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 2000+യാത്രാ ചെലവ്+മറ്റ് ബത്തകൾ |
| 6 | അക്ഷയ് കുമാർ (sc) | മാനസിക വൈകല്യം | +2 | 10000/- | 12000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 2000+യാത്രാ ചെലവ്+മറ്റ് ബത്തകൾ |

10 മാസത്തെ ആനുകൂല്യമാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയായി കൊടുത്തിരിക്കുന്നത്. ജി.ഒ(എം എസ് ) 4/2016 ത സ്വ ഭ വ , തിയതി 11/1/2016 മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്. പ്രതിമാസ സ്കോളർഷിപ്പ് തുകക്ക് പുറമെ മറ്റു യാത്രാബത്തകൾ, വസ്ത്രത്തിനുള്ള ബത്ത, ഓട്ടോഫെയർ എന്നിവ ക്ലാസ്സുകളുടേയും വൈകല്യത്തിന്റേയും അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. കുറവായി സ്കോളർഷിപ്പ് വിതരണം ചെയ്തതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള എൻക്വയറിക്കുള്ള മറുപടിയിൽ ആവശ്യാനുസരണം ഫണ്ട് വകയിരുത്താത്തതിനാലാണ് ഇപ്രകാരം ചെയ്യേണ്ടിവന്നത് എന്നാണ് അറിയിച്ചത്. തുടർ വർഷങ്ങളിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക ആവശ്യാനുസരണം വകയിരുത്തേണ്ടതും വർഷാരംഭത്തിൽ തന്നെ ഇവരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.ഈ വിഭാഗത്തിൽപ്പെട്ടവരുടെ കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 3-2 ജവഹർലാൽ നെഹ്റു ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്റ്റ് നം. 119/17

അടങ്കൽ-960000/- (ജനറൽ)

ചെലവ്-560000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

നെഹ്റു ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഭാഗികമായി ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവ് നാളിതുവരെ വീട്ടുപണി പൂർത്തീകരിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്/വിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | ശാന്ത | 20000 | 180000 |

| | | | |
|---|---|---|---|
| | ടി എൻ പുരം | | |

പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വി ഇ ഒ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2016-17 വർഷത്തിൽ വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ശ്രീകൃഷ്ണപുരം ബി ഡി ഓ യ്ക്ക് നൽകിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 തീയതി 22.6.2017 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| പ്രൊജ നം/പേര് | തുക | കൈമാറിയ വിവരം |
|---|---|---|
| 166/17 പി എം എ വൈ | ബിൽ നം-23/17-27-3-17<br>60000/- | ബി ഡി ഒ ശ്രീകൃഷ്ണപുരം<br>(A/c No.0741101010668) |
| 148/17 ഐ എ വൈ | ബിൽ നം-17/17-30-2-17<br>600000/-<br>ബിൽ നം-22/17-27-3-17<br>200000/- | ബി ഡി ഒ ശ്രീകൃഷ്ണപുരം<br>(A/c No. 0741101010668) |

വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ബിൽ നം. 4/2016-17, 20-2-2017പ്രകാരം 25600രൂ. പത്താം തരം തുല്യതാ പഠനത്തിന് ഫീസ് അടവാക്കൽ എന്ന പ്രോജക്ടിന്( നം.SO.147/17) വേണ്ടി ചെലവഴിച്ചിട്ടുണ്ട്. പതിനാറ് കുട്ടികൾക്ക് 1600രൂ. നിരക്കിൽ ഫീസ് അടവാക്കുന്നതിന് വേണ്ടി ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്റർക്കാണ് തുക കൈമാറിയിരിക്കുന്നത്.(DD No. 901724/5-5-17). ഇതു സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം, റിസൾട്ട് വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃസമിതി മുഖേന ചെയ്തിട്ടുള്ള പ്രവൃത്തിയിൽ

## സാധനങ്ങളുടെ ബില്ലുകൾ,വരവ് ചെലവ് കണക്കുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

താഴെപ്പറയുന്ന പ്രവൃത്തിയിൽ ഗുണഭോക്തൃസമിതി മുഖേന ചെയ്തിട്ടുള്ള പ്രവൃത്തിയിൽ സാധനങ്ങളുടെ ബില്ലുകൾ സമർപ്പിച്ചിട്ടില്ല.വരവ് ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO24/17- കുറുവട്ടൂർ അഗ്രശാല പരിസരത്ത് പാലം നിർമാണം. |
| അടങ്കൽ, ഫണ്ട് ഇനം | 100000രൂ. ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| എഗ്രിമെന്റ് നം,തീയ്യതി | 94/AE/LSGD/VLY/15-16/1-3-2016 |
| കൺവീനർ | വി. രാധാകൃഷ്ണൻ |
| പ്രവൃത്തി മൂല്യം | 94687 |
| എം.ബുക്ക് | 878/14 |
| ബിൽ നം.തീയ്യതി, തുക | 2/16-17/27-1-2017/ 100000രൂ. |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ഗുണഭോക്തൃസമിതി വരവ് ചെലവ് കണക്കുകൾ, യോഗത്തിന്റെ മിനുട്സ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ഗുണഭ്ക്തൃസമിതിക്ക് ബിൽ തുക കൈമാറുന്നതിനായി സമിതി ചെയർമാന്റേയും കൺവീനറുടേയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടുമില്ല.

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/23-6-2017ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുക 100000രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 ടാറിംഗ് പ്രവൃത്തിയിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. പ്രവൃത്തിയിൽ കാലതാമസം ഉണ്ടായിട്ടും പിഴ ഈടാക്കിയിട്ടുമില്ല

താഴെപ്പറയുന്ന പ്രവൃത്തിയിൽ ടാറിംഗ് പ്രവൃത്തിയിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. പ്രവൃത്തിയിൽ കാലതാമസം ഉണ്ടായിട്ടും പിഴ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO14/17-കണ്ണംതൊടി റോഡ് ടാറിംഗ് |
| അടങ്കൽ, ഫണ്ട് ഇനം | 270000രൂ. മെയിന്റനൻസ് ഗ്രാന്റ് |
| എഗ്രിമെന്റ് നം,തീയ്യതി | 68/AE/LSGD/VLY/15-16/18-9-2015 |
| കരാറുകാരൻ | ശശികുമാർ |
| പ്രവൃത്തി മൂല്യം | 270000 |
| എം.ബുക്ക് | 228/16 |
| ബിൽ നം.തീയ്യതി, തുക | 39/16-17/28-3-2017/ 270000രൂ. |

| | |
|---|---|
| എഗ്രീഡ് പി.എ.സി. | 270000 |
| പൂർത്തീകരിക്കേണ്ട തീയ്യതി | 17-3-2016 |
| പൂർത്തീകരിച്ച തീയ്യതി | 9-2-2017 |
| ഈടാക്കേണ്ട പിഴ | 17.3.16 മുതൽ 16.6.16 വരെ 270000x1%=2700<br>17.6.16 മുതൽ 16.12.16 വരെ 6മാസം<br>270000x4%=10800<br>17.12.16 മുതൽ 9.2.17 വരെ 270000x55/90x2%=3300<br>ആകെ 16800 |

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം. 84/97 PW&T/19-8-97 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്ന സംഗതിയിൽ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്.കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ , കരാറുകാരന്റെ അപേക്ഷയിൻമേൽ AE യുടെ ശുപാർശയോടെ യഥാർത്ഥ കാലാവധിയുടെ 20% ഗ്രേസ് പീരീഡ് അനുവദിച്ച് തുടർന്നുള്ള കാലത്തേക്ക് ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2 ശതമാനവും പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല.

ടാർ വിലയിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ യഥാർഥ വില നൽകുന്നതിനും ഒരു പ്രവൃത്തിക്ക് വാങ്ങിയ ടാർ ടി പ്രവൃത്തിക്ക് തന്നെ ഉപയോഗപ്പെടുത്തി എന്ന് ഉറപ്പിക്കുന്നതിനും ഉദ്ദേശിച്ച് സ.ഉ(സാധാ)3049/16,തസ്വഭവ. തീയ്യതി. 8-11-2016 ഉത്തരവിൽ കരാറുകാർ ടാർ വാങ്ങുന്നു എങ്കിൽ കർശനമായും ബില്ല് സമർപ്പിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ മേൽ പ്രവൃത്തിയിൽ ആയത് പാലിച്ചിട്ടില്ല.

മേൽവിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.7 തീയ്യതി 23-6-2017ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.ആയതിനാൽ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള കുളക്കാട് കുടിവെള്ള പദ്ധതി,(കൺസ്യൂമർ നം.21776) അടയ്ക്കാപുത്തൂർ കുടിവെള്ള പദ്ധതി (കൺസ്യൂമർ നം.21837),വടക്കൻ വെള്ളിനേഴി കുടിവെള്ള പദ്ധതി (കൺസ്യൂമർ നം.17717),കടവത്ത് കോളനി കുടിവെള്ള പദ്ധതി (കൺസ്യൂമർ നം.29682) എന്നീ പദ്ധതികൾക്കായി ഓഡിറ്റ് വർഷത്തിൽ ആകെ 310841/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ 4 പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല. സർക്കാർ ഉത്തരവ് (സാ) നം.1275/2009/തസ്വ ഭവ തിയതി 30-05-2009 ഖണ്ഡിക 3-2ലെ നിർദ്ദേശ പ്രകാരം ഇത്തരം പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കേരളവാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വാട്ടർ മീറ്ററുകൾ സ്ഥാപിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ആകെ 225511 രൂപ കേരളവാട്ടർ അതോറിറ്റിയിലേക്ക് അടച്ചു. നിലവിൽ KWA യുടെ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. സ.ഉ(സാധാ)നം. 1275/09, ത.സ്വ.ഭ.വ, തീയ്യതി 30-5-09 പ്രകാരം, ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമേ പണം നൽകുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ശേഖരിക്കേണ്ടതും ജല ലഭ്യതയുള്ള ടാപ്പുകൾക്കു മാത്രമേ വെള്ളക്കരം അടയ്ക്കുന്നുള്ളൂ എന്ന് ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ എല്ലാ പൊതു ടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകൾക്ക് മീററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് നിലവിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 23580 രൂപ വീതം KSEB യിലേക്ക് അടച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന തെരുവു വിളക്കു രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി 784 CFL ലാമ്പുകൾ മാത്രമാണ് ഉള്ളത്. മീറ്റർ ഘടിപ്പിക്കാത്തതിനാൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതിചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് വിളക്കുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഒടുക്കി വരുന്നത്.

സി.എഫ്.എൽ (18*2 W) ന് വൈദ്യുതി ബോർഡ് നിശ്ചയിച്ചിരിക്കുന്ന വൈദ്യുതികരം പ്രതിമാസം 22 രൂപയാണ്. ആ നിലയ്ക്ക് നിലവിൽ അടച്ചു വരുന്ന വൈദ്യുതി കരം കൂടുതലാണെന്ന് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | വൈദ്യുതികരം നിരക്ക് | അടയ്ക്കേണ്ട തുക | അടച്ച തുക | പ്രതി മാസംഅധികം |
|---|---|---|---|---|---|---|
| 3 | സി.എഫ്.എൽ 18*2 W | 784 | 22 | 17248 | 23580 | 6332 |

784 സി.എഫ്.എല്ലിന് 22 രൂപ നിരക്കിൽ പ്രതിമാസ ചാർജ്ജ് 17248 (784x22) രൂപയാണ് . എന്നാൽ ഇതിനു പകരം 23580 രൂപ പ്രകാരമാണ് പഞ്ചായത്ത് KSEB യിലേക്ക് വൈദ്യുതി കരം ഒടുക്കിയിട്ടുള്ളത്. ആകയാൽ 75984/- രൂപ (12x6332) ഗ്രാമപഞ്ചായത്ത് അധികമായി അടച്ചുവരുന്നു. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 2 തിയതി 21-06-2017)ലഭ്യമാക്കിയ മറുപടിയിൽ 784 സി.എഫ്.എൽ ലാമ്പുകൾക്കു പുറമെ സോഡിയം വേപ്പർ ലാമ്പ്, ഫ്ളൂറസെന്റ് ലൈറ്റ്, ഓഡിനറി ബൾബുകൾ എന്നിവകൂടി കെ.എസ്.ഇ.ബി രേഖകൾ പ്രകാരം വെള്ളിനേഴി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും വിളക്കുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.ക്ക് കത്തു നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഇപ്രകാരമുള്ള വരുമാനനഷ്ടം ഒഴിവാക്കുന്നതിനായി അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും,. ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി ആയതിനെ അടിസ്ഥാനമാക്കി ചാർജ് ഒടുക്കേണ്ടതുമാണ്. ഭരണസമിതി ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-10 പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ-അഭിനന്ദനാർഹം

പ്രൊ നം. 6/17-സാന്ത്വന പരിചരണ പദ്ധതി
അടങ്കൽ – 643890 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ് – 594699/-

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഈ പഞ്ചായത്തിൽ 2010 നവംമ്പറിലാണ് പാലിയേറ്റീവ് സംവിധാനം തുടക്കം കുറിച്ചത്. ആയതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം 643890 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 594699/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി സന്നദ്ധ പ്രവർത്തകർ, ജനപ്രതിനിധികൾ, ആശാവർക്കർമാർ,ആരോഗ്യ പ്രവർത്തകർ, കമ്മ്യൂണിറ്റി നേഴ്സ് എന്നിവരുടെ കൂട്ടായ്മയിൽ നല്ല രീതിയിൽ നടത്തിവരുന്നു. പ്രത്യേകമായി അലോപ്പതി /ആയുർവേദ ഡോക്ട്ടർമാർ ഹോം കെയർ സന്ദർശനം നടത്തിവരുന്നുണ്ട്. രോഗികൾക്ക് ആവശ്യമായ മരുന്ന്,വാട്ടർ ബെഡ്, വീൽ ചെയർ, എയർ ബെഡ് ,വാക്കർ എന്നിവ നൽകുന്നുണ്ട്. എല്ലാ ബുധനാഴ്ച്ചകളിൽ പാലിയേറ്റീവ് രോഗികൾക്ക് പ്രത്യേകമായി ഒ പി നടത്തിവരുന്നുണ്ട്.

പദ്ധതി നടത്തിപ്പുരേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

നിലവിൽ ആകെ 105 ഗുണഭോക്താക്കൾ പദ്ധതിയുടെ കീഴിലുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് കൂടാതെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള സഹായം കൂടി പ്രയോജനപ്പെടുത്തി നല്ല രീതിയിൽ പാലിയേറ്റീവ് പദ്ധതിയുടെ പ്രവർത്തനം നടത്തിവരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മറ്റ് പ്രവർത്തനങ്ങൾ

പാലിയേറ്റീവ് കുടുംബസംഗമം, 27 കുട്ടികൾക്ക് സംഭാവന മുഖേന പഠനോപകരണങ്ങൾ വിതരണവും 64 കുടുംബങ്ങൾക്ക് ഓണകിറ്റ് വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാലിയേറ്റീവ് രോഗികൾക്ക് മാനസികോല്ലാസം ലഭിക്കുന്നതിന് ഉല്ലാസ യാത്ര നടത്തിയിട്ടുണ്ട്. മറ്റ് സാംസ്കാരിക കലാ പരിപാടികൾ. സായഹ്ന കൂട്ടായ്മ, സ്നേഹസ്പർശം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.പാലിയേറ്റീവിലെ 14കുടുംബങ്ങളെ ഉൾപ്പെടുത്തി 'സാന്ത്വനം' കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ തൊഴിൽ യൂണിറ്റിൽ സോപ്പു പൊടി നിർമ്മാണം നന്നായി

നടത്തിവരുന്നുണ്ട്. പി എം സി ഫണ്ടിൽ നിന്നും രോഗികൾക്ക് പ്രത്യേകിച്ചും വൃക്ക രോഗം ബാധിച്ചവർക്ക് ധനസഹായം നൽകുന്നുണ്ട്. സമൂഹത്തിലെ വിവിധ സംഘടനകളിൽ നിന്ന് സഹായം സ്വീകരിച്ച് രോഗികൾക്ക് വാട്ടർബെഡ്, വീൽ ചെയർ, ഊന്നുവടി എന്നിവ വിതരണം നടത്തിയിട്ടുണ്ട്. വിദഗ്ധ ചികിത്സക്കുള്ള വാഹന വാടക നൽകുന്നുണ്ട്.

സാന്ത്വന ചികിത്സക്കുള്ള വാഹനം

ഗ്രാമപഞ്ചായത്ത് അനുവദിക്കുന്ന തുകയുടെ ഭൂരിഭാഗവും വാഹനവാടകയിനത്തിൽ നൽകിവരുന്നുണ്ട്. സാന്ത്വന ചികിത്സക്കായി പൊതുജനങ്ങളുടെ സഹായത്തോടെ ഒരു വാഹനം വാങ്ങുന്നതിനുള്ള ശ്രമം ഉണ്ടാക്കേണ്ടതാണ്.

ഭരണപരമായ വിവരങ്ങൾ

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ട്. ആയതിന്റെ മിനുട്ട്സ് സൂക്ഷിക്കുന്നുണ്ട്. എല്ലാ മാസവും റിവ്യൂ മീറ്റിങ്ങ് നടത്തി ആയതിന്റെ മിനുട്ട്സ് സൂക്ഷിക്കുന്നുണ്ട്. ഇനിയും മെച്ചപ്പെട്ട സേവനങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുത്തി മികവുറ്റതാക്കുവാൻ ശ്രമം ഉണ്ടാക്കേണ്ടതാണ്.

# 3-11 എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ കൂലിയിനത്തിലെ കുടിശ്ശിക 3951770/- രൂപ

ഗ്രാമപഞ്ചായത്തിൻെറ തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിൽ 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 3951770/-രൂപ തൊഴിലാളികൾക്ക് വേതനമായി നൽകുവാൻ കുടിശ്ശികയുണ്ട്.

2005ലെ തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3 (3) പ്രകാരവും തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06.02.15 ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14 പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വേതന കുടിശ്ശിക സർക്കാരിൽ നിന്നും ലഭ്യമായാലുടൻ വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതിനോടൊപ്പം ഈടു നിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കൽ, ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നിവയാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം.

2016-17 വർഷത്തെ പദ്ധതി നടത്തിപ്പ രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5274 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2747 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 2076 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 149152500 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 376 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 314 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 134 എണ്ണം<br>767208 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 18882427 |
| 9 | തൻവർഷത്തെ ചെലവ് | 18872125<br>[admn-994175 EFMS-17877950 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1394 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1394 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 151 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | - |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളിൽ ചെലവഴിച്ച തുക | 13682- |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| 15 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | - |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | 7 കിണർ നിർമ്മാണം |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന | 2016-17 |
|---|---|---|

| | വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണം | 19 | 3204960 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 133 | 719265 |
| 3 | ചെറുകിട ജലസേചനം | 23 | 1199040 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 37 | 2723060 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 13 | 3108000 |
| 6 | ഭൂവികസനം | 73 | 2632854 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | | |
| 8 | ഭവന നിർമ്മാണ പ്രവർത്തനങ്ങൾ | 78 | 938400 |
| 9 | മറ്റ് ചെലവുകൾ | | 4346546 |
| | ആകെ | | 18872125 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ -

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്-

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS, ഭവന പദ്ധതി | G.O.2062/2010/ L.S.G.D. 22-6-2010 | 28102375 | 9285385 | 8383350 | - | 902035 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

2016-17 വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 9222 രൂപയുടെ വിവരം താഴെ പറയുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നം. , തീയ്യതി |
|---|---|---|---|---|
| 2011-12 | 3-4 | 6000 | അനില കുമാരൻ , എ.ഇ | 11604100212/20-4-2016 |
| 2013-14 | 3-2 | 3222 | സുരേഷ് ബാബു, കോൺട്രാക്ടർ | 11604103737/ 30-11-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46792062 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48836198 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 100000 | ശ്രീ.റോയ്.എം.കെ അസിസ്റ്റന്റ് എഞ്ചിനിയർ |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ -

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.റോയ്.എം.കെ | ഏ.ഇ. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | മാപ്രനാത്ത് വീട്<br>മാവേലി നഗർ<br>കുരിയാച്ചിറ<br>പി.ഒ<br>തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 വരവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/1382/08/15.12.08 | - |
| 1996-97 ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.12/1921/12/02.04.14 | - |
| 1997-98ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.11/205/3(1)/26.03.08 | - |
| 1997-98വരവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/767/18.09.08 | - |
| 1998-99ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/527/06/08.08.06 | - |
| 1999-2000വരവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/1364/08/15.02.08 | - |
| 1999-2000ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/1385/08/17.04.09 | - |
| 2000-2001 | എൽ.എഫ്.പി.8/1386/08/17.04.09 | - |
| 2001-2002 | എൽ.എഫ്.പി.8/892/09/17.11.09 | - |
| 2002-2003 | എൽ.എഫ്.പി.12/1115/11/07.04.12 | - |
| 2003-2004 | എൽ.എഫ്.പി.12/1750/14/12.09.14 | - |
| 2004-2005 | എൽ.എഫ്.പി.8/536/09/07.12.09 | - |
| 2005-2006 | എൽ.എഫ്.പി.12/1116/11/19.03.12 | - |
| 2006-2007 | എൽ.എഫ്.പി 12/1117/11/19.03.12 | - |
| 2007-2008 | എൽ.എഫ്.പി.12/1118/11/19.03.12 | - |
| 2008-2009 | എൽ.എഫ്.പി.12/1119/11/10.04.12 | - |

| | | |
|---|---|---|
| 2009-2010<br>2010-2011 | എൽ.എഫ്.പി.12/1576/14/17.10.14 | - |
| 2011-2012 | എൽ.എഫ്.പി.12/1015/14/10.07.14 | - |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ. പി.കെ.ഡി.12/1435/16<br>തി.09-08-2016 | - |
| 2015-16 | കെ.എസ്.എ. പി.കെ.ഡി.12/2297എ/16<br>തി.31-12-2016 | - |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.കെ.ഡി 12-1344/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട് .

തീയതി : 19.09.2017.

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിന്റെ 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2016-2017

ന്യൂനതാ സംഗ്രഹം

1. സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 11 പരിഷ്കരിച്ചിട്ടില്ല.

2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

## CERTIFICATE

KSA PKD 12-1344/2017

Kerala State Audit Department,
District Audit Office, Palakkad.
Dated : 19.09.2017.

Certified that I have examined the Annual Financial Statement of VELLINEZHI GRAMA PANCHAYATH for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of VELLINEZHI GRAMA PANCHAYATH prepared in

accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2016-2017 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director.

VELLINEZHI GRAMA PANCHAYATH

Abstract of defects-A.F.S 2016-17

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

2. Budget is not prepared on function -fuctionary basis.

Deputy Director.